# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 825 01.03.2017-ൽ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

ശ്രീ. എ.കെ. ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ പ്രാബല്യത്തിലുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങളുടെ പേരുവിവരം നൽകാമോ? | കേരളത്തിൽ പ്രാബല്യത്തിലുള്ള നിയമങ്ങൾ സംബന്ധിച്ച്, 2001-ൽ പ്രസിദ്ധീകരിച്ച List of Enactments applicable to Kerala എന്ന പുസ്തകമാണ് അവസാനമായി നിയമവകുപ്പ് പ്രസിദ്ധീകരിച്ചത്. ആയതിനുശേഷം 01.01.2016 വരെ പ്രാബല്യത്തിലുള്ള നിയമങ്ങളെ സംബന്ധിച്ചുള്ള പട്ടിക അച്ചടിച്ച് ബുക്ക് ഫോമിൽ ലഭ്യമാക്കുന്നതിനായി ഗവ. പ്രസ്സിൽ നൽകിയിരിക്കുകയാണ്. അച്ചടിജോലി പുരോഗമിച്ചു വരുന്നതായാണ് പ്രസ്സ് അധികൃതരിൽ നിന്നും അറിയാൻ കഴിഞ്ഞത്. ആയത് പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ വിവരം ലഭ്യമാക്കുന്നതാണ്. |

| | | |
|---|---|---|
| (ബി) | കഴിഞ്ഞ പത്തു വർഷത്തിനിടെ സ്വമേധയാ റദ്ദായതോ റദ്ദാക്കിയതോ ആയ നിയമങ്ങളുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ? | കഴിഞ്ഞ പത്തുവർഷത്തിനിടെ സ്വമേധയാ റദ്ദായതോ റദ്ദാക്കിയതോ ആയ നിയമങ്ങളെ സംബന്ധിച്ച വിവരം താഴെ താഴെപ്പറയും പ്രകാരമാണ്:<br><br>1. 2014-ലെ കേരള പ്രിസണുകളും - മലബാർ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ്, ( 9 of 2010) വഴി 1894 - ലെ പ്രിസൺസ് ആക്റ്റ് (സെൻട്രൽ ആക്റ്റ് IX of 1894)- മലബാർ പ്രദേശത്തെ പ്രാബല്യം ഇല്ലാതാവുകയും 1950-ലെ ട്രാവൻകൂർ പ്രിസൺസ് ആക്റ്റ് (XVIII of 1950) റദ്ദാക്കപ്പെടുകയും ചെയ്തു.<br><br>2. 2011-ലെ കേരള പോലീസ് ആക്റ്റ് (8 of 2011) വഴി കേരള പോലീസ് ആക്റ്റ് 1960 (5 of 1961) റദ്ദാക്കപ്പെട്ടു.<br><br>3. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് (2010-ലെ 15-ാം ആക്റ്റ്) പ്രകാരം 1897-ലെ ഇന്ത്യൻ ഫിഷറീസ് ആക്റ്റ് മലബാർ പ്രദേശത്തെ പ്രാബല്യം ഇല്ലാതാവുകയും 1950-ലെ തിരുവിതാംകൂർ - കൊച്ചി ഫിഷറി ആക്റ്റ്( 1050-ലെ 34) റദ്ദാക്കപ്പെടുകയും ചെയ്തു.<br><br>4. 2014-ലെ തിരുവിതാംകൂർ- കൊച്ചി ഹിന്ദു മത സ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ് (2014-ലെ 1) വഴി 2008-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേററീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2008-ലെ 19) റദ്ദാക്കപ്പെട്ടു. |

| | | |
|---|---|---|
| (സി) | സംസ്ഥാന നിയമങ്ങൾ പുതുതായി നിർമ്മിക്കുമ്പോഴോ പരിഷ്ക്കരിക്കുമ്പോഴോ, ഭേദഗതി വരുത്തുമ്പോഴോ അവയുടെ അംഗീകൃത പകർപ്പ് റഫറൻസ് ആവശ്യത്തിനു വേണ്ടി പ്രസിദ്ധീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ? | സംസ്ഥാന നിയമങ്ങൾ പുതുതായി നിർമ്മിക്കുമ്പോഴോ പരിഷ്ക്കരിക്കുമ്പോഴോ, ഭേദഗതി വരുത്തുമ്പോഴോ അവയുടെ അംഗീകൃത പകർപ്പ് ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും നോഡൽ വകുപ്പിന്റെ 08/09/2015 തീയതിയിലെ സർക്കുലർ നമ്പർ.1 9995/ നോഡൽ2/2013/ നിയമം പ്രകാരം റഫറൻസ് ആവശ്യത്തിനുവേണ്ടി അതാത് ലെജിസ്ലേഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ നിയമ വകുപ്പിന്റെ അംഗീകൃത വെബ്സൈറ്റ് ആയ www.lawsect.org -ൽ അപ്‌ലോഡ് ചെയ്യുകയും ചെയ്ത് വരുന്നു. |

എസ്. സന്തോഷ്,
ജോയിന്റ് സെക്രട്ടറി,
നിയമ വകുപ്പ്.